ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 21.10.2024**

## പ്രധാനവാർത്തകൾ

1. ഇന്ത്യയുടെ വളർച്ച ആഗോള ശ്രദ്ധ നേടിയെന്നും, എല്ലാ മേഖലയിലും രാജ്യം മികച്ച മുന്നേറ്റം കാഴ്ചവയ്ക്കുന്നുണ്ടെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി

2. വിദ്യാഭ്യാസ അവകാശ നിയമത്തിന് അനുസൃതമല്ലാത്ത മദ്രസകളുടെ അംഗീകാരം പിൻവലിക്കാൻ ദേശീയ ബാലാവകാശ കമ്മീഷൻ നൽകിയ നിർദേശം വിലക്കി സുപ്രീം കോടതി .

3. ഇന്ന് പോലീസ് സ്മൃതിദിനം. ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ വീരചരമം പ്രാപിച്ച പോലീസ് സേനാംഗങ്ങൾക്ക് ആദരവ് അർപ്പിച്ച് രാജ്യം.

4. കായിക താരങ്ങൾക്ക് ആവശ്യമായ പിന്തുണയും പ്രോത്സാഹനവും സംസ്ഥാന സർക്കാർ നൽകുന്നുണ്ടെന്ന് നിയമസഭ സ്പീക്കർ എ എൻ ഷംസീർ.

5. ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ജംഷഡ്പൂർ എഫ്സി- ഹൈദരാബാദ് എഫ്സിയെ നേരിടും.

*****************************************

RNU TVPM

## പ്രധാനമന്ത്രി .... ഇൻട്രോ

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് രാവിലെ ന്യൂഡൽഹിയിൽ നടക്കുന്ന 'എൻഡിടിവി വേൾഡ് സമ്മിറ്റ് 2024- ദി ഇന്ത്യ സെഞ്ച്വറി'യെ അഭിസംബോധന ചെയ്യു. ഇന്ത്യയുടെ വളർച്ചാ പാത ആഗോള ശ്രദ്ധ നേടിയെന്നും എല്ലാ മേഖലയിലും രാജ്യം മികച്ച മുന്നേറ്റം കാഴ്ചവയ്ക്കുന്നുണ്ടെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി.

(വോയ്സ്)

ആഗോളതലത്തിൽ പ്രതിസന്ധി നേരിടുന്ന സമയത്തും ഇന്ത്യൻ ജനതയുടെ ശുഭാപ്തി വിശ്വാസമാണ് ഇന്ന് ഇന്ത്യൻ ശതാബ്ദിയെക്കുറിച്ച് ചർച്ച ചെയ്യാനിടയാക്കിയതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സമ്മേളത്തിൽ ഭൂട്ടാൻ പ്രധാന മന്ത്രി ഷെറിങ് ടോബ്ഗെ ഉൾപ്പടെയുള്ള പ്രമുഖർ പങ്കെടുത്തു.

*********************************************************

## പ്രധാനമന്ത്രി - റഷ്യ

പതിനാറാം ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ റഷ്യ സന്ദർശിക്കും. "സന്തുലിതമായ ആഗോള വികസനത്തിനായുള്ള ബഹുമുഖ ശാക്തീകരണം" എന്നതാണ് ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങൾ പങ്കെടുക്കുന്ന ഉച്ചകോടിയുടെ പ്രമേയം.

*********************************************************

## സുപ്രീംകോടതി

വിദ്യാഭ്യാസ അവകാശ നിയമത്തിന് അനുസൃതമല്ലാത്ത മദ്രസകളുടെ അംഗീകാരം പിൻവലിക്കാൻ ദേശീയ ബാലാവകാശ കമ്മീഷൻ നൽകിയ നിർദേശം നടപ്പിലാക്കുന്നതിൽ നിന്ന് കേന്ദ്ര- സംസ്ഥാന സർക്കാരുകളെ

RNU TVPM

സുപ്രീം കോടതി വിലക്കി. എല്ലാ മദ്രസകളിലും പരിശോധന നടത്താനും ബാലാവകാശ കമ്മീഷൻ നേരത്തെ ഉത്തരവിട്ടിരുന്നു. കമ്മീഷന്റെ നടപടിയെ ചോദ്യം ചെയ്ത് ഇസ്‌ലാമിക പുരോഹിതരുടെ സംഘടനയായ ജാമിയത്ത് ഉലമ-ഐ-ഹിന്ദ് സമർപ്പിച്ച ഹർജി പരിഗണിക്കവേ ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ്, ജസ്റ്റിസ് ജെ ബി പർദിവാല, മനോജ് മിശ്ര എന്നിവരടങ്ങിയ ബെഞ്ചാണ് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചത്.

*************************************

## പൊലീസ് - ആദരവ്

ഇന്ന് പോലീസ് സ്‌മൃതിദിനം. ഔദ്യോഗിക കൃത്യനിർവ്വഹണ ത്തിനിടെ വീരചരമം പ്രാപിച്ച പോലീസ് സേനാംഗങ്ങൾക്ക് രാഷ്ട്രം ആദരവ് അർപ്പിക്കുന്ന ദിനമാണ് ഇന്ന്. പൊലീസിലെ രക്തസാക്ഷികൾക്ക് ന്യൂഡൽഹിയിലെ പൊലീസ് സ്മാരകത്തിൽ കേന്ദ്രമന്ത്രി അമിത് ഷാ പുഷ്പചക്രം അർപ്പിച്ചു. രാജ്യത്തെ സുരക്ഷിതമാക്കാൻ പോലീസ് ഉദ്യോഗസ്ഥരും അവരുടെ കുടുംബങ്ങളും ചെയ്യുന്ന അനന്തമായ ത്യാഗത്തെ ആദരിക്കുന്ന അവസരമാണിതെന്ന് ശ്രീ.ഷാ പറഞ്ഞു. ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരത്തെ പോലീസ് ആസ്ഥാനത്തെ ധീരസ്‌മൃതി ഭൂമിയിലും ചടങ്ങുകൾ നടന്നു.

RIJU TVPM

*************************************

## അന്വേഷണ റിപ്പോർട്ട് INTRO

എ.ഡി.എം നവീൻ ബാബുവിന് കൈക്കൂലി നൽകിയെന്ന ആരോപണവുമായി രംഗത്തെത്തിയ ടി വി പ്രശാന്തിനെതിരെ അന്വേഷണം നടത്താൻ പരിമിതിയുള്ളതായി ഡി എം ഇ അറിയിച്ചെന്ന് മന്ത്രി വീണാ ജോർജ്. വിഷയം അഡീഷണൽ ചീഫ് സെക്രട്ടറി നേരിട്ട് അന്വേഷിക്കുമെന്നും മന്ത്രി മാധ്യമങ്ങളോട് വ്യക്തമാക്കി.

(വോയിസ്)

*****************************************

## പി.പി.ദിവ്യ- മുൻകൂർ ജാമ്യാപേക്ഷ

ADM കെ.നവീൻ ബാബുവിൻറെ മരണവുമായി ബന്ധപ്പെട്ട് കണ്ണൂർ മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി.പി.ദിവ്യ നൽകിയ മുൻകൂർ ജാമ്യാപേക്ഷ പരിഗണിക്കുന്നത് കോടതി വ്യാഴാഴ്ചത്തേക്ക് മാറ്റി. തലശ്ശേരി പ്രിൻസിപ്പൽ സെഷൻസ് കോടതിയിലാണ് മുൻകൂർ ജാമ്യാപേക്ഷ നൽകിയത്. കേസുമായി ബന്ധപ്പെട്ട അന്വേഷണം പുരോഗമിക്കുകയാണ്.

*****************************************

## യൂത്ത് ലീഗ് - പ്രതിഷേധം

എ.ഡി.എം നവീൻ ബാബുവിന്റെ മരണത്തിന് ഉത്തരവാദികളായവർക്കെതിരെ നടപടി ആവശ്യപ്പെട്ട് കണ്ണൂരിൽ പ്രതിഷേധം ശക്തമാകുന്നു. യൂത്ത് ലീഗ് പ്രവർത്തകർ രാവിലെ കണ്ണൂർ നഗരത്തിൽ റോഡ് ഉപരോധിച്ചു. എ ഡി എമ്മിന്റെ മരണത്തിൽ ആരോപണ വിധേയനായ കണ്ണൂർ പരിയാരം ഗവ മെഡിക്കൽ കോളേജ് ജീവനക്കാരനെ സസ്പെൻഡ് ചെയ്യണമെന്നാവശ്യപ്പെട്ട് കോൺഗ്രസ് കണ്ണൂർ ജില്ലാ കമ്മറ്റി പരിയാരം മെഡിക്കൽ കോളേജിലേക്ക് മാർച്ച് നടത്തി. ബി.ജെ പി കലക്ടേറ്റ് മാർച്ചും സംഘടിപ്പിക്കുന്നുണ്ട്.

RNU TVPM

*****************************************

## എ എൻ ഷംസീർ-കായികം

കായിക താരങ്ങൾക്ക് ആവശ്യമായ പിന്തുണയും പ്രോത്സാഹനവും സർക്കാർ നൽകുന്നുണ്ടെന്ന് നിയമസഭ സ്പീക്കർ എ എൻ ഷംസീർ. കായിക രംഗത്ത് മുന്നേറാൻ

വിദ്യാർത്ഥികൾ നന്നായി പരിശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു. കണ്ണൂർ റവന്യു ജില്ല സ്കൂൾ കായികമേള തലശ്ശേരി ജസ്റ്റിസ് വി ആർ കൃഷ്ണയ്യർ സ്മാരക മുൻസിപ്പൽ സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 15 ഉപജില്ലകളിൽ നിന്നായി രണ്ടായിരത്തോളം കായിക പ്രതിഭകൾ മേളയിൽ മാറ്റുരയ്ക്കുന്നു.കായിക മേള ബുധനാഴ്ച സമാപിക്കും.

******************************************

## അയഡിൻ ..... ഇൻട്രോ

രാജ്യമിന്ന് അയഡിൻ അപര്യാപ്തതാ പ്രതിരോധ ദിനമാചരിക്കുകയാണ്. അയഡിൻ അഭാവം പരിഹരിച്ചാൽ കുട്ടികളിലെയും മുതിർന്നവരിലേയും, മാനസിക-ശാരീരിക വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നത് തടയാനാകുമെന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് എൻഡോക്രൈനോളജി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ ഡോക്ടർ അഭിലാഷ് നായർ പറയുന്നു.

RNU TVPM

(വോയ്സ്)

******************************************

## ഐ എസ് എൽ

ഇന്ത്യൻ സൂപ്പർ ലീഗിൽ ഇന്ന് ജംഷഡ്പൂർ എഫ്സി ഹൈദരാബാദ് എഫ്സിയെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ജംഷഡ്പൂരിലാണ് മത്സരം. ഇന്നലെ മത്സരത്തിൽ കേരളാ ബ്ലാസ്റ്റേഴ്സ് മൊഹമ്മദൻ എഫ്സിയെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് പരാജയപ്പെടുത്തി.

******************************************

## ശീതകാല പച്ചക്കറി-ഇടുക്കി...(ഇൻട്രോ)

ശീതകാല പച്ചക്കറികളുടെ വിളനിലമാണ് വട്ടവട. എന്നാൽ വട്ടവടയിൽ പച്ചക്കറികൾ മാത്രമല്ല സൂര്യകാന്തി പൂക്കളും സമൃദ്ധമായി വളരുമെന്ന് തെളിയിച്ചിരിക്കുകയാണ് ഇവിടുത്തെ കർഷകർ. **വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.....**

(വോയ്സ്)

*****************************************

## ജമ്മുകാശ്മീർ

ജമ്മു കാശ്മീരിൽ ഗന്ദർബാൽ ജില്ലയിലെ സോനമാർഗിലുണ്ടായ ഭീകരാക്രണത്തിൽ ഒരു ഡോക്ടറും ആറു തൊഴിലാളികളും കൊല്ലപ്പെട്ട സംഭവത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അപലപിച്ചു. ആക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചവർ ക്കെതിരെ ശക്തമായ നടപടി ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്രമന്ത്രി നിധിൻ ഗഡ്കരി, ജമ്മുകാശ്മീർ ലഫ്റ്റനൻറ് ഗവർണർ മനോജ് സിൻഹ, മുഖ്യമന്ത്രി ഒമർ അബ്ദുള്ള ഉൾപ്പെടെയുള്ളവരും ആക്രമണത്തെ അപലപിച്ചു. സോനമാർഗിലെ തുരങ്ക പാത നിർമ്മാണത്തിനായി കൊണ്ടുവന്ന തൊഴിലാളികൾക്ക് നേരെയണ് ഭീകരർ വെടിയുതിർത്തത്.

RNU TVPM

*****************************************

## ഉപതിരഞ്ഞെടുപ്പ്

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമാക്കി മുന്നണികൾ. മത്സരചിത്രം തെളിഞ്ഞതിന് പിന്നാലെ വയനാട് ലോക്സഭാ മണ്ഡലം, പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങൾ എന്നിവിടങ്ങളിൽ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടേറി. വെള്ളിയാഴ്ചയാണ് നാമനിർദേശ പത്രിക

സമർപ്പിക്കാനുള്ള അവസാന തീയതി. അടുത്ത മാസം 13ന് വോട്ടെടുപ്പും 23 ന് വോട്ടെണ്ണലും നടക്കും.

******************************************

## തൃശ്ശൂർ പൂരം-തിരുവമ്പാടി ദേവസ്വം

തൃശ്ശൂർ പൂരം വെടിക്കെട്ടുമായി ബന്ധപ്പെട്ട പുതിയ വിജ്ഞാപനം നിരാശപ്പെടുത്തുന്നതാണെന്ന് തിരുവമ്പാടി ദേവസ്വം. നിയന്ത്രണങ്ങളിൽ ഇളവ് വേണമെന്നത് വർഷങ്ങളായുള്ള ആവശ്യമാണ്. വിഷയത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പരസ്പരം പഴിചാരുകയല്ലാതെ പരിഹാരം കാണുന്നില്ലെന്നും ഗിരീഷ് കുമാർ ആരോപിച്ചു. പൂരം വെടിക്കെട്ടിൻ്റെ എല്ലാവിധ ഭംഗിയും നഷ്ടപ്പെടുത്തുന്ന പുതിയ ഉത്തരവിനെതിരെ പ്രധാനമന്ത്രിക്കും ബന്ധപ്പെട്ട വകുപ്പുകൾക്കും കത്തയക്കുമെന്ന് മന്ത്രി കെ രാജൻ നേരത്തേ അറിയിച്ചിരുന്നു.

RNU TVPM

******************************************

## ഓഹരി, സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 50 പോയിന്റ് താഴ്ന്ന് 81,170 ലും , ദേശീയ ഓഹരി സൂചിക നിഫ്റ്റി 52 പോയിന്റ് കുറഞ്ഞ് 24,801 ലും വ്യാപാരം തുടരുന്നു. സ്വർണ വില വീണ്ടും വർധിച്ചു. ഗ്രാമിന് 20 രൂപ ഉയർന്ന് 7,300 രൂപയും പവന് 160 രൂപ വർധിച്ച് 58,400 രൂപയുമാണ് ഇന്നത്തെ വില.

******************************************

## മഴ

കേരളത്തിൽ ബുധനാഴ്ചവരെ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ

വകുപ്പ്. തീരപ്രദേശങ്ങളിൽ ഉയർന്ന തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുണ്ട്.

***********************************

## രാഷ്ട്രപതി - പുരസ്കാരം

അഞ്ചാമത് ദേശീയ ജല പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു നാളെ ന്യൂഡൽഹിയിൽ സമ്മാനിക്കും. മികച്ച സംസ്ഥാനം, ജില്ല, നഗര തദ്ദേശ സ്ഥാപനം ഉൾപ്പെടെ ഒമ്പത് വിഭാഗങ്ങളിലായി 38 വിജയികളെ കേന്ദ്ര ജലശക്തി മന്ത്രാലയം പ്രഖ്യാപിച്ചു. ഒഡിഷയാണ് മികച്ച സംസ്ഥാനം.

***************************************************************************************************************************
***

RNU TVPM